LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (1) മെക്കാനിക്കൽ എഞ്ചിനീയറിംഗ്

(2) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്

(3) കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ്

(ബി) എഴുകോൺ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്ഥാപനം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

ടെക്നിക്കൽ യൂണിവേഴ്സിറ്റി

135 (1212) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2014 മേയ് 5-ാം തീയതിയിലെ 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം കേരള സാങ്കേതിക സർവ്വകലാശാല നിലവിൽവന്നു. 2015 ആഗസ്റ്റ് 31-ന് എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്ന് പുനർനാമകരണം ചെയ്ത് ആക്ടും നിലവിൽ വന്നു. (2015-ലെ 17-ാം ആക്ട്)

(ബി) സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) സാങ്കേതിക വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക, സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുക, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുക എന്നിവയാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.